**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2284** — **09.03.2018-ൽ മറുപടിയ്ക്ക്**

**സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) 40 കോടി രൂപ വീതം മുടക്കി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; ഓരോ സമുച്ചയത്തിലും എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതിന് തീരുമാനിച്ചിരുന്നത് ; | (എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ് സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ജില്ലകളിലൊഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥല ലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നാടകശാല, സിനിമാ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തകക്കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപികൾക്കും കരകൗശല വിദ്യക്കാർക്കുമുള്ള പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഹ്രസ്വകാലത്തേയ്ക്കുള്ള താമസ സൗകര്യങ്ങൾ എല്ലാം അടങ്ങുന്നതായിരിക്കും ഈ സാംസ്കാരിക സമുച്ചയങ്ങൾ. സ്ഥല സൗകര്യത്തിനനുസരിച്ചായിരിക്കും ഈ കേന്ദ്രങ്ങൾ രൂപകൽപ്പന ചെയ്യുന്നത്. |
| (ബി) തിരുവനന്തപുരത്ത് അയ്യങ്കാളിയുടെ പേരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചോ; ഇതിനകം ഈ പദ്ധതിക്ക് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ബി) തിരുവനന്തപുരം ജില്ലയിൽ സാംസ്കാരിക കേന്ദ്രത്തിനായി തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകത്തിന് അടുത്തുള്ള സ്ഥലം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ